**മധുരമായ കുട്ടികളേ - ഈ പുരുഷോത്തമയുഗം തന്നേയാണ് ഗീതാ എപ്പിസോഡ്, ഇതിൽ തന്നെയാണ് നിങ്ങൾ പുരുഷാർത്ഥം ചെയ്ത് ഉത്തമപുരുഷൻ അർത്ഥം ദേവതയാകുന്നത്.**

**ചോദ്യം:-** ഏതൊരു കാര്യം സദാ സ്മൃതിയിലിരുന്നാൽ തോണി മറുകര എത്തും?
**ഉത്തരം:-** ഞങ്ങൾക്ക് ഈശ്വരീയ സംഗത്തിൽ ഇരിക്കണം എന്ന് സദാ ഓർമ്മയിലിരുന്നാൽ തോണി മറുകരയെത്തും. സംഗദോഷത്തിൽ വരികയാണെങ്കിൽ, സംശയം വരികയാണെങ്കിൽ തോണി വിഷയസാഗരത്തിൽ മുങ്ങി പോകും. ബാബ എന്താണോ മനസ്സിലാക്കി തരുന്നത് അതിൽ കുട്ടികൾക്ക് അൽപ്പം പോലും സംശയം വരരുത്. ബാബ നിങ്ങൾ കുട്ടികളെ തനിക്ക് സമാനം പവിത്രവും ജ്ഞാനസാഗരവും ആക്കുന്നതിന് വേണ്ടി വന്നിരിക്കുന്നു. ബാബയുടെ സംഗത്തിൽ തന്നെ ഇരിക്കണം.

**ഓം ശാന്തി**. ഭഗവാനുവാചാ - 5000 വർഷങ്ങൾക്കു മുമ്പ് മനസ്സിലാക്കി തന്നിരുന്ന അതേ രാജയോഗമാണ് അച്ഛൻ പഠിപ്പിച്ച് കൊണ്ടിരിക്കുന്നത് എന്ന് കുട്ടികൾക്കറിയാം. കുട്ടികൾക്കറിയാം എന്നാൽ, ലോകർക്ക് ഇതൊന്നും അറിയില്ല അതിനാൽ ഗീതയുടെ ഭഗവാൻ എപ്പോൾ വന്നു എന്ന് അവരോട് ചോദിക്കണം. ഞാൻ രാജയോഗം പഠിപ്പിച്ച് നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കും എന്ന് ഭഗവാൻ പറഞ്ഞ ആ ഗീതയുടെ ഭാഗം എപ്പോൾ ഉണ്ടായി? ഇതും ചോദിക്കണം. ഈ കാര്യം ആർക്കും അറിയില്ല. നിങ്ങളിപ്പോൾ പ്രായോഗികമായി കേട്ട് കൊണ്ടിരിക്കുന്നു. കലിയുഗാന്ത്യത്തിനും സത്യയുഗ ആരംഭത്തിനും ഇടയിൽ ഗീതയുടെ പാർട്ട് ഉണ്ടാകുക തന്നെ വേണം. ആദിസനാതന ദേവീ ദേവതാധർമ്മം സ്ഥാപിക്കുന്നുണ്ടെങ്കിൽ തീർച്ചയായും സംഗമത്തിൽ തന്നെയാണ് വരിക. തീർച്ചയായും ഇത് പുരുഷോത്തമ സംഗമയുഗമാണ്. പുരുഷോത്തമസംഗമയുഗം എന്ന് പാടാറുണ്ടെങ്കിലും പാവങ്ങൾക്കറിയില്ല. നിങ്ങൾ മധുര മധുരമായ കുട്ടികൾക്കറിയാം ഉത്തമപുരുഷനാക്കുന്നതിന് വേണ്ടി അതായത് മനുഷ്യരെ ദേവതകളാക്കുന്നതിന് വേണ്ടി ബാബ വന്ന് പഠിപ്പിക്കുന്നു എന്ന്. മനുഷ്യരിൽ ഉത്തമപുരുഷൻ ഈ ദേവതമാരാണ് (ലക്ഷ്മീനാരായണൻ). മനുഷ്യരെ ദേവതകളാക്കുന്നത് ഈ സംഗമയുഗത്തിലാണ്. ദേവതകൾ തീർച്ചയായും സത്യയുഗത്തിലാണ് ഉണ്ടാകുന്നത്. ബാക്കി എല്ലാവരും കലിയുഗത്തിലാണ്. നിങ്ങൾ കുട്ടികൾക്കറിയാം ഞങ്ങൾ സംഗമയുഗീ ബ്രാഹ്മണനാണ് എന്ന്. ഇത് വളരെ ഉറപ്പായി ഓർമ്മിക്കണം. അല്ലെങ്കിലും സ്വന്തം കുലം ഒരിക്കലും മറക്കാറില്ല. എന്നാൽ ഇവിടെ മായ മറപ്പിക്കുന്നു. നമ്മൾ ബ്രാഹ്മണകുലത്തിൽ നിന്ന് പിന്നീട് ദേവതാകുലത്തിലേതാകുന്നു. ഇത് ഓർമ്മിക്കുകയാണെങ്കിൽ വളരെ സന്തോഷം തോന്നും. നിങ്ങൾ രാജയോഗമാണ് പഠിക്കുന്നത്. ഇപ്പോൾ ഭഗവാൻ വീണ്ടും ഗീതയുടെ ജ്ഞാനം കേൾപ്പിച്ച് കൊണ്ടിരിക്കുന്നു, ഭാരതത്തിന്റെ പ്രാചീന രാജയോഗവും പഠിപ്പിക്കുന്നു എന്നും മനസിലാക്കുന്നു. ഞങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയാകുന്നു. ബാബ പറഞ്ഞിട്ടുണ്ട് കാമം മഹാശത്രുവാണ്, ഇതിൽ ജയിക്കുന്നതിലൂടെ നിങ്ങൾ ജഗത്ജീത്താകുന്നു. പവിത്രതയുടെ കാര്യത്തിൽ എത്ര തർക്കങ്ങൾ നടക്കുന്നു. മനുഷ്യർക്ക് വികാരങ്ങൾ ഒരു ഖജനാവ് പോലെയാണ്. ലൗകീക അച്ഛനിൽ നിന്ന് ഈ സമ്പത്ത് ലഭിക്കുന്നു. കുട്ടിയായാൽ പിന്നെ അച്ഛനിൽ നിന്ന് ഏറ്റവും ആദ്യം ഈ സമ്പത്ത് ലഭിക്കുന്നു, വിവാഹവും മറ്റും ചെയ്യിക്കുന്നു. പരിധിയില്ലാത്ത അച്ഛൻ പറയുന്നു കുട്ടികളേ കാമം മഹാശത്രുവാണ്, അതിനാൽ തീർച്ചയായും കാമത്തിനെ ജയിക്കുന്നതിലൂടെ തന്നെയാണ് ജഗത്ജീത്താകുന്നത്. ബാബ തീർച്ചയായും സംഗമത്തിൽ തന്നെയാണ് വരുന്നത്. മഹത്തായ മഹാഭാരതയുദ്ധവും ഉണ്ടാകും. നമ്മളും തീർച്ചയായും ഇവിടെ ഉണ്ടാകും. എല്ലാവരും പെട്ടെന്ന് കാമത്തെ ജയിക്കുകയൊന്നും ഇല്ല. ഓരോ കാര്യത്തിലും സമയമെടുക്കും. ബാബാ, ഞങ്ങൾ വിഷയ വൈതരണീ നദിയിൽ വീണ് പോയി എന്നതാണ് മുഖ്യമായും കുട്ടികൾ എഴുതുന്ന കാര്യം അതിനാൽ തീർച്ചായും ചില നിയമങ്ങളുണ്ട്. ബാബയുടെ ആജ്ഞയാണ് - കാമത്തെ ജയിക്കുന്നതിലൂടെ നിങ്ങൾ ജഗത്ത്ജീത്തായി തീരും. ജഗത്ജീത്തായി പിന്നീട് വികാരത്തിൽ പോകും എന്നുമല്ല. ഈ ലക്ഷ്മീ-നാരായണനാണ് ജഗത്ജീത്ത്, ഇവരെയാണ് സമ്പൂർണ്ണ നിർവ്വികാരി എന്ന് പറയുന്നത്. ദേവതമാരെ എല്ലാവരും നിർവ്വികാരി എന്ന് പറയുന്നു, അതിനെ നിങ്ങൾ രാമരാജ്യം എന്ന് പറയുന്നു. അത് നിർവ്വികാരിലോകമാണ്. ഇത് വികാരി ലോകമാണ്, അപവിത്ര ഗൃഹസ്ഥാശ്രമം. നിങ്ങൾ പവിത്ര ഗൃഹസ്ഥാശ്രമത്തിലായിരുന്നു എന്ന് ബാബ മനസിലാക്കി തന്നിട്ടുണ്ട്. ഇപ്പോൾ 84 ജന്മമെടുത്തെടുത്ത് അപവിത്രമായി. 84 ജന്മത്തിന്റെ കഥ തന്നെയാണിത്. പുതിയ ലോകം തീർച്ചയായും ഇങ്ങനെ നിർവ്വികാരി ലോകമാകണം. പവിത്രതയുടെ സാഗരനായ ഭഗവാനാണ് സ്ഥാപന ചെയ്യുന്നത്, വീണ്ടും തീർച്ചയായും രാമരാജ്യം വരണം. പേര് തന്നെ രാമരാജ്യം, രാവണരാജ്യം എന്നാണ്. രാവണരാജ്യം എന്നാൽ ആസുരീയ

രാജ്യം. ഇപ്പോൾ നിങ്ങൾ ആസുരീയ ലോകത്താണ് ഇരിക്കുന്നത്. ഈ ലക്ഷ്മീ-നാരായണൻ ദൈവീക രാജ്യത്തിന്റെ അടയാളമാണ്.

നിങ്ങൾ കുട്ടികൾ പ്രഭാതത്തിൽ പ്രദക്ഷിണം നടത്താറുണ്ട്. അതിരാവിലെയുള്ള സമയമാണ് പ്രഭാതം, ആ സമയം ആളുകൾ ഉറക്കത്തിലായിരിക്കും അതിനാൽ വൈകി ഉണരുന്നു. സെന്ററുകൾ ഉള്ളിടത്തേ പ്രദർശിനിയും നന്നായി നടത്താനാകൂ. കാമം മഹാശത്രുവാണ്, അതിനെ ജയിക്കുന്നതിലൂടെ ജഗത്ജീത്തായി തീരും എന്ന് എവിടെ പോയാലും മനസ്സിലാക്കി കൊടുക്കൂ. ട്രാൻസ് ലൈറ്റുള്ള ലക്ഷ്മീ-നാരായണന്റെ ചിത്രം തീർച്ചയായും കൂടെ വെക്കണം. അത് ഒരിക്കലും മറക്കരുത്. ഒന്ന് ഈ ചിത്രവും പിന്നെ പടികളും. ട്രക്കുകളിൽ ദേവിമാരുടെ മൂർത്തികൾ കൊണ്ട് പോകുന്നത് പോലെ നിങ്ങൾ ഈ രണ്ടോ മൂന്നോ ചിത്രങ്ങൾ ഒരുമിച്ച് ട്രക്കിൽ വെച്ച് അതിൽ മുഖ്യമായ ചിത്രങ്ങൾ കാണിക്കുകയാണെങ്കിൽ നന്നായിരിക്കും. ദിനം പ്രതിദിനം ചിത്രങ്ങളുടെ വൃദ്ധിയുണ്ടാകും. നിങ്ങളുടെ ജ്ഞാനം വൃദ്ധി പ്രാപിക്കും. കുട്ടികളുടെ വൃദ്ധിയും ഉണ്ടാകും. അതിൽ ദരിദ്രരും സമ്പന്നരും എല്ലാം വരും. ശിവബാബയുടെ ഭണ്ഡാരി നിറയുന്നു. ആരാണോ ഭണ്ഡാരി നിറക്കുന്നത് അവർക്ക് അവിടെ പകരം പ്രതിഫലം ലഭിക്കുന്നു. അപ്പോൾ ബാബ പറയുന്നു - മധുര മധുരമായ കുട്ടികളേ, നിങ്ങൾ 21 ജന്മത്തേക്ക് കോടികോടി മടങ്ങ് ഭാഗ്യശാലികളാകുന്നവരാണ്. നിങ്ങൾ 21 ജന്മം ലോകത്തിന്റെ അധികാരിയായി തീരും എന്ന് ബാബ സ്വയം പറയുന്നു. ബാബ പറയുന്നു കുട്ടികളേ ഞാൻ സ്വയം നേരിട്ട് വന്നിരിക്കയാണ് നിങ്ങൾക്ക് വേണ്ടി ഉള്ളം കൈയ്യിൽ സ്വർഗ്ഗം കൊണ്ട് വന്നിരിക്കയാണ്. കുട്ടികൾ ജനിക്കുമ്പോൾ അവർക്ക് വേണ്ടിയുള്ള സമ്പത്ത് അച്ഛന്റെ കൈയ്യിൽ തന്നെയുള്ളത് പോലെ. ബാബ പറയുന്നു ഈ വീടും കുടുംബവും എല്ലാം നിങ്ങൾക്ക് തന്നെയാണ്. പരിധിയില്ലാത്ത അച്ഛൻ പറയുന്നു നിങ്ങൾ എന്റേതാകുമ്പോൾ സ്വർഗത്തിന്റെ ചക്രവർത്തീ പദവി നിങ്ങൾക്കുള്ളതാണ് - 21 ജന്മത്തേക്ക് കാരണം നിങ്ങൾ കാലനെ ജയിക്കുന്നു അതിനാൽ ബാബയെ മഹാകാലൻ എന്ന് പറയുന്നു. മഹാകാലൻ കൊല്ലുന്നവനൊന്നുമല്ല. ആ മഹാകാലന്റേയും മഹിമ പാടാറുണ്ട്, ഭഗവാൻ യമദൂതനെ അയച്ച് വിളിപ്പിക്കുന്നു എന്ന് വിചാരിക്കുന്നു. ഇങ്ങനെ ഒരു സംഭവവും ഇല്ല, ഇതെല്ലാം ഭക്തിമാർഗത്തിലെ കാര്യങ്ങളാണ്. ബാബ പറയുന്നു ഞാൻ കാലന്റേയും കാലനാണ്. വനവാസികൾ മഹാകാലനേയും വളരെ മാനിക്കുന്നു. മഹാകാലന്റെ ക്ഷേത്രവും ഉണ്ട് കൊടികളും വെക്കുന്നു. ബാബയിരുന്ന് കുട്ടികൾക്ക് മനസിലാക്കി തരുന്നു. ശരിയായ കാര്യങ്ങളാണ് മനസ്സിലാക്കി തരുന്നത്. ബാബയെ ഓർമ്മിക്കുന്നതിലൂടെ തന്നെയാണ് ജന്മജന്മാന്തരമായ വികർമ്മം ഭസ്മമാകുന്നത്. അതിനാൽ അതിന്റെ പ്രചരണം ചെയ്യണം. കുംഭമേളകളും മറ്റും വളരെ നടത്തുന്നു. സ്നാനം ചെയ്യുന്നതിന് പോലും വളരെ മഹത്വം നൽകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ ജ്ഞാനാമൃതം 5000 വർഷത്തിന് ശേഷം ലഭിക്കുന്നു. വാസ്തവത്തിൽ ഇതിന് അമൃത് എന്ന് പേരില്ല. ഇത് പഠിത്തമാണ്. ഇവയെല്ലാം ഭക്തിമാർഗത്തിലെ പേരുകളാണ്. അമൃത് എന്ന പേര് കേട്ട് ചിത്രങ്ങളിൽ വെള്ളം കാണിച്ചിരിക്കുന്നു. ബാബ പറയുന്നു ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. പഠിത്തത്തിലൂടെ തന്നെയാണ് ഉയർന്ന പദവി നേടുന്നത്. അതും ഞാൻ പഠിപ്പിക്കുന്നു. ഭഗവാന് ഇങ്ങനെ അലങ്കരിച്ച രൂപമൊന്നുമില്ല. ഇത് ബാബ ഇദ്ദേഹത്തിൽ വന്ന് പഠിപ്പിക്കുന്നു. പഠിപ്പിച്ച് ആത്മാക്കളെ തനിക്ക് സമാനമാക്കുന്നു. ഒരിക്കലും ലക്ഷ്മീ-നാരായണൻ ആരെയും തനിക്ക് സമാനമാക്കുന്നില്ല. ആത്മാവ് പഠിക്കുന്നു, ആത്മാക്കളെ തനിക്ക് സമാനം ജ്ഞാനസാഗരമാക്കുന്നു എന്നാൽ ഭഗവാനും ഭഗവതിയും ആക്കുന്നില്ല അവർ കൃഷ്ണനെ കാണിക്കുന്നു. കൃഷ്ണൻ എങ്ങനെയാണ് പഠിപ്പിക്കുക? സത്യയുഗത്തിൽ പതിതമായവർ ആരും തന്നെ ഉണ്ടാകില്ല. കൃഷ്ണൻ സത്യയുഗത്തിലാണ് ജീവിച്ചിരുന്നത്. പിന്നീട് ഒരിക്കലും നിങ്ങൾ കൃഷ്ണനെ കാണുന്നില്ല. ഡ്രാമയിൽ ഓരോരുത്തരുടേയും പുനർജന്മത്തിന്റെ ചിത്രവും തികച്ചും വേറിട്ടതാണ്. ഇത് അത്ഭുതകരമായ ഡ്രാമയാണ്. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതും......ബാബയും പറയുന്നു നിങ്ങൾ ഇതേ രൂപത്തിൽ ഇതേ വസ്ത്രങ്ങളിൽ കല്പ കല്പം നിങ്ങൾ തന്നെയാണ് പഠിക്കുന്നത്. അതേ പോലെ ആവർത്തിക്കുകയല്ലേ. ആത്മാവ് ഒരു ശരീരമുപേക്ഷിച്ച് വീണ്ടും കൽപ്പം മുമ്പ് എടുത്ത അതേ ശരീരമെടുക്കുന്നു. ഡ്രാമയിൽ യാതൊരു വ്യത്യാസവും ഉണ്ടാകുന്നില്ല. അത് പരിധിയുള്ള കാര്യങ്ങളാണ്, ഇത് പരിധിയില്ലാത്ത കാര്യങ്ങളാണ്. ഇത് പരിധിയില്ലാത്ത അച്ഛനല്ലാതെ മറ്റാർക്കും മനസിലാക്കി തരാൻ സാധിക്കില്ല. ഇതിൽ യാതൊരു സംശവും ഉണ്ടാകുന്നില്ല. നിശ്ചയബുദ്ധിയാണെങ്കിലും ചിലർക്ക് എന്തെങ്കിലും സംശയം വരുന്നു, കൂട്ടുകെട്ടിൽ വരുന്നു. ഈശ്വരീയ സംഗത്തിലൂടെ നടക്കുകയാണെങ്കിൽ മറുകര എത്തുന്നു, ഉപേക്ഷിക്കുകയാണെങ്കിൽ വിഷയസാഗരത്തിൽ മുങ്ങി പോകും. ഒരു ഭാഗത്ത് ക്ഷീരസാഗരം(ജ്ഞാനാമൃതം), മറുഭാഗത്ത് വിഷയസാഗരം എന്നും പറയാറുണ്ട്. ബാബ ജ്ഞാനസാഗരമാണ്, ബാബയ്ക്ക് മഹിമയും ഉണ്ട്. ബാബയ്ക്കുള്ള മഹിമ ലക്ഷ്മീ-നാരായണന് നൽകാൻ സാധിക്കില്ല. കൃഷ്ണൻ ജ്ഞാനസാഗരനൊന്നുമല്ല. ബാബ പവിത്രതയുടെ സാഗരനാണ്. യഥാർത്ഥത്തിൽ ദേവതകൾ സത്യ-ത്രേതായുഗത്തിൽ പവിത്രരായിരുന്നു എന്നാൽ സദാകാലത്തേക്കല്ല. എന്നാലും അരകല്പ്പത്തിന് ശേഷം വീഴുന്നു. ബാബ പറയുന്നു ഞാൻ വന്ന്

എല്ലാവരുടേയും സദ്ഗതി ചെയ്യുന്നു. സദ്ഗതി ദാതാവ് ഞാൻ മാത്രമാണ്. നിങ്ങൾ സദ്ഗതിയിൽ പോകുമ്പോൾ പിന്നെ ഈ കാര്യങ്ങൾ തന്നെ ഉണ്ടാകുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ സന്മുഖത്തിരിക്കുന്നു. നിങ്ങളും ശിവബാബയിൽ നിന്ന് പഠിച്ച് ടീച്ചറാകുന്നു. പ്രധാന പ്രിൻസിപ്പാൾ ബാബയാണ്. നിങ്ങൾ വരുന്നതും ആ ബാബയുടെ അടുത്തേക്കാണ്. ഞങ്ങൾ ശിവബാബയുടെ അടുക്കൽ വന്നിരിക്കുന്നു എന്ന് പറയുന്നു. ശിവബാബ നിരാകാരനാണ്. ശരിയാണ് ബാബ ഇദ്ദേഹത്തിൽ വരുന്നു അതിനാൽ ബാപ്ദാദയുടെ അടുത്തേക്ക്വരുന്നു എന്ന് പറയുന്നു. ഈ ബ്രഹ്മാബാബയാണ് ശിവബാബയുടെ രഥം അതിലാണ് ബാബയുടെ സവാരി. അദ്ദേഹത്തെ രഥം, കുതിര, എന്നെല്ലാം പറയുന്നു. ഇതിലും ഒരു കഥയുണ്ട് - ദക്ഷപ്രജാപതി യജ്ഞം രചിച്ചു. കഥയെല്ലാം എഴുതിയിട്ടുണ്ട്. എന്നാൽ അങ്ങനെയൊന്നുമില്ല.

ശിവഭഗവാനുവാചാ-ഭാരതത്തിൽ എപ്പോൾ ധർമ്മഗ്ലാനി സംഭവിക്കുന്നുവോ അപ്പോൾ ഞാൻ വരുന്നു. ഗീതാപാരായണക്കാർ പറയുന്നുണ്ട് - യദാ യദാഹി... എന്നാൽ അർത്ഥം മനസിലാക്കുന്നില്ല. ഇത് നിങ്ങളുടെ വളരെ ചെറിയ വൃക്ഷമാണ്, ഇതിന് കൊടുങ്കാറ്റും ഏൽക്കുന്നു. പുതിയ വൃക്ഷമല്ലേ, പിന്നെ ഈ അടിത്തറയും ഉണ്ട്. ഇത്രയും അനേകം ധർമ്മങ്ങൾക്കിടയിൽ ഒരു ആദിസനാതന ദേവീ ദേവതാർമ്മത്തിന്റെ തൈ നടൽ ബാബ നടത്തുന്നു. എത്ര പരിശ്രമമാണ്. മറ്റുള്ളവർക്ക് പരിശ്രമം ഉണ്ടാകുന്നില്ല. അവർ മുകളിൽ നിന്ന് വന്ന് കൊണ്ടിരിക്കുന്നു. ഇവിടെ സത്യത്രേതായുഗത്തിൽ വരുന്ന ആത്മാക്കളേയും ഇരുത്തി പഠിപ്പിക്കുന്നു. ആരാണോ പതീതമായവർ അവരെ പവിത്ര ദേവതകളാക്കി മാറ്റുന്നതിന് വേണ്ടി ബാബയിരുത്തി പഠിപ്പിക്കുന്നു. ഇദ്ദേഹവും ഗീതയും വളരെ പഠിച്ചിരുന്നു. ഇപ്പോൾ ആത്മാക്കളെ ഓർമ്മിച്ച് ദൃഷ്ടി നൽകി അവരുടെ പാപം ഇല്ലാതാക്കുന്നു. ഭക്തിമാർഗത്തിൽ ഗീതയുടെ മുന്നിൽ വെള്ളം വെച്ച് ഇരുന്ന് പഠിക്കുന്നു. പിതൃക്കളെ ഉദ്ധരിക്കുകയാണ് എന്ന് മനസിലാക്കുന്നു അതിനാൽ പിതൃക്കളെ ഓർമ്മിക്കുന്നു. ഭക്തിയിൽ ഗീതക്ക് വളരെ ബഹുമാനം നൽകുന്നു. ബാബ ചെറിയ ഭക്തനായിരുന്നില്ലല്ലോ! രാമായണം എന്നിവയെല്ലാം പഠിച്ചിരുന്നു. വളരെ സന്തോഷമുണ്ടായിരുന്നു. അതെല്ലാം കഴിഞ്ഞ് പോയി.

ഇപ്പോൾ ബാബ പറയുന്നു കഴിഞ്ഞതിനെക്കുറിച്ച് ചിന്തിക്കരുത്. ബുദ്ധിയിൽ നിന്ന് എല്ലാം കളയൂ. ബാബ സ്ഥാപനയും, വിനാശവും രാജധാനിയുടെ സാക്ഷാത്ക്കാരവും കാണിച്ചുകൊടുത്തു അതിനാൽ പക്കയായി. ഇവയെല്ലാം നശിക്കാനുള്ളതാണ് - ഇത് ആദ്യം അറിഞ്ഞിരുന്നില്ല. ബാബ മനസിലാക്കി തന്നു - ഇതെല്ലാം നടക്കും. അധികം വൈകില്ല, ഞാൻ പോയി ഈ രാജാവാകും. ബാബ എന്തെല്ലാം മനസിലാക്കിക്കൊണ്ടിരുന്നു എന്ന് അറിയില്ല. ബാബയുടെ പ്രവേശനം എങ്ങിനെ ഉണ്ടായി എന്ന് നിങ്ങൾ കുട്ടികൾ മനസിലാക്കി. എന്നാൽ ഈ കാര്യങ്ങൾ ആളുകൾ മനസിലാക്കുന്നില്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരന്റെ പേര് പറയും എന്നാൽ ഈ മൂന്ന് പേരിൽ ഭഗവാൻ ആരിൽ പ്രവേശിക്കുന്നു എന്ന് അറിയുന്നില്ല. അതിനാൽ ലോകർ വിഷ്ണുവിന്റെ പേര് പറയുന്നു. ഇപ്പോൾ വിഷ്ണു ദേവതയാണ്. അദ്ദേഹമെങ്ങിനെ പഠിപ്പിക്കും. ബാബ സ്വയം പറയുന്നു ഞാൻ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു അതിനാൽ ബ്രഹ്മാവിലൂടെ സ്ഥാപന എന്ന് കാണിക്കുന്നു. ഒന്ന് പാലന ഒന്ന് വിനാശം. ഇത് വളരെ മനസിലാക്കേണ്ട കാര്യങ്ങളാണ്. ഭഗവാനുവാച - ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. രാജയോഗം പഠിപ്പിച്ച് രാജപദവിയിലെത്തിച്ച ആ ഭഗവാൻ എപ്പോൾ വന്നു എന്ന് ഇപ്പോൾ നിങ്ങൾ മനസിലാക്കുന്നു. 84 ജന്മത്തിന്റെ രഹസ്യവും മനസിലാക്കി. പൂജ്യരെക്കുറിച്ചും-പൂജാരിയേക്കുറിച്ചും മനസിലാക്കി. മുഴുവൻ ലോകവും ആഗ്രഹിക്കുന്ന വിശ്വത്തിലെ ശാന്തിയുടെ രാജ്യം ഈ ലക്ഷ്മീ-നാരായണന്റേതായിരുന്നു. ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നപ്പോൾ എല്ലാവരും ശാന്തീധാമിലായിരുന്നു. ഇപ്പോൾ നമ്മൾ ശ്രീമത്തിലൂടെ ഈ കാര്യങ്ങൾ ചെയ്ത് കൊണ്ടിരിക്കുന്നു. അനേക തവണ ചെയ്തിരുന്നു ഇനിയും ചെയ്ത് കൊണ്ടിരിക്കും. കോടികളിൽ ചിലർ മാത്രം വരും എന്നും അറിയാം. ദേവീ ദേവതാധർമ്മത്തിലുള്ളവർക്ക് തന്നെയാണ് വരാൻ തോന്നു ന്നത്. ഭാരതത്തിന്റെ തന്നെ കാര്യമാണ് ഇതെല്ലാം. ഈ കുലത്തിലുള്ളവർ വന്ന് കൊണ്ടിരിക്കുന്നു വീണ്ടും വന്ന് കൊണ്ടിരിക്കും. നിങ്ങൾ വരുന്നത് പോലെ പ്രജകളും വന്ന് കൊണ്ടിരിക്കും നന്നായി പഠിക്കുന്നവർ നല്ല പദവിയും നേടുന്നു. മുഖ്യമായ കാര്യം ജ്ഞാനയോഗമാണ്. യോഗത്തിന് വേണ്ടി ജ്ഞാനം വേണം. പിന്നെ പവർഹൗസിനോട് യോഗം വേണം. യോഗത്തിലൂടെ വികർമ്മം വിനാശമാകും ആരോഗ്യവും സമ്പത്തും ഉള്ളവർ ആകും. പദവിയോടു കൂടി ജയിക്കും ശരി !

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ഏതൊരു കാര്യമാണോ കഴിഞ്ഞ് പോയത് അതിനെക്കുറിച്ച് ചിന്തിക്കരുത്. ഇതുവരെ എന്ത് പഠിച്ചുവോ അവയെല്ലാം മറക്കണം, ഒരേയൊരു ബാബയിൽ നിന്ന് കേൾക്കണം, തന്റെ ബ്രാഹ്മണ കുലത്തെ സദാ ഓർമ്മിക്കണം

2) പൂർണമായും നിശ്ചയബുദ്ധിയായി ഇരിക്കണം. യാതൊരു കാര്യത്തിലും സംശയം ഉണ്ടാകരുത്. ഈശ്വരീയ സംഗവും പഠിത്തവും ഒരിക്കലും ഉപേക്ഷിക്കരുത്.

## വരദാനം:- ആത്മീയ പ്രിയതമന്റെ ആകർഷണത്തിൽ ആകർഷിതരായി പരിശ്രമത്തിൽ നിന്ന് മുക്തമാകുന്ന ആത്മീയ പ്രിയതമയായി ഭവിക്കൂ

പ്രിയതമൻ തന്റെ ലയിച്ചിരിക്കുന്ന പ്രിയതമകളെ കണ്ട് സന്തോഷിക്കുന്നു. ആത്മീയ ആകർഷണത്തിൽ ആകർഷിതരായി തന്റെ സത്യമായ പ്രിയതമനെ അറിഞ്ഞിരിക്കുന്നു, നേടിയിരിക്കുന്നു, യഥാർത്ഥ സ്ഥാനത്ത് എത്തിയിരിക്കുന്നു. എപ്പോൾ ഇങ്ങനെയുള്ള പ്രിയതമകളായ ആത്മാക്കൾ ഈ പ്രേമത്തിന്റെ രേഖയ്ക്ക് ഉള്ളിൽ എത്തുന്നോ അപ്പോൾ അനേക പ്രകാരത്തിലുള്ള പരിശ്രമത്തിൽ നിന്ന് മുക്തമാകുന്നു എന്തു കൊണ്ടെന്നാൽ ഇവിടെ ജ്ഞാന സാഗരന്റെ സ്നേഹത്തിന്റെ അലകൾ, ശക്തിയുടെ അലകൾ.... സദാ സമയത്തേക്ക് റിഫ്രഷാക്കുന്നു. ഇത് മനോരജ്ഞനത്തിനുള്ള വിശേഷ സ്ഥാനമാണ്, കൂടിക്കാഴ്ചയ്ക്കുള്ള സ്ഥാനം താങ്കൾ പ്രിയതമകൾക്കായി പ്രിയതമൻ നിർമ്മിച്ചിട്ടുള്ളതാണ്.

## സ്ലോഗൻ:- ഏകാന്തവാസി ആകുന്നതിനോടൊപ്പം-ഒപ്പം ഏകനാമിയും എകണോമിയും ഉള്ളവരാകൂ.